"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്ഥാപനങ്ങളുടെ **2025-26** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക (Annual Financial Statement - AFS) ഓഡിറ്റിന് സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ ജി) വകുപ്പ്**

സ.ഉ.(സാധാ) നം.1457/2026/LSGD തീയതി,തിരുവനന്തപുരം, 06-08-2026

---

പരാമർശം:- 1. 22.12.2023-ലെ സ.ഉ.(കൈ) നം.2545/2023/ത.സ്വ.ഭ.വ.

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31.07.2026-ലെ LSGD/PD/8786/2025-AM3 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ (IKM) വികസിപ്പിച്ച കെ-സ്മാർട്ട് (K-SMART) ആപ്ലിക്കേഷനും അനുബന്ധ നടപടികളും അംഗീകരിച്ച് നഗര ഭരണ സ്ഥാപനങ്ങളിൽ **01.04.2024** മുതൽ നടപ്പിലാക്കിയിട്ടുണ്ട്. തുടർന്ന് ത്രിതല പഞ്ചായത്തുകളിൽ **01.04.2025** മുതൽ കെ-സ്മാർട്ട് വിന്യസിച്ചിട്ടുണ്ട്.

**2025-26** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക (AFS) എല്ലാ തദ്ദേശ സ്ഥാപനങ്ങളും കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കി ജൂലൈ **31**നകം ഓഡിറ്റിന് സമർപ്പിക്കേണ്ടതുണ്ട്. കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ AFS തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ സാങ്കേതിക പ്രശ്നങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ നേരിടുന്നതായി വിവിധ ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ ഊർജിത നടപടികൾ സ്വീകരിച്ചു വരികയാണെന്നും നിലവിൽ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും AFS സമയബന്ധിതമായി സമർപ്പിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളതെന്നും ആയതിനാൽ തദ്ദേശ സ്ഥാപനങ്ങളുടെ **2025-26** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് സമർപ്പിക്കുന്നതിന് **2026 ആഗസ്റ്റ് 31 വരെ** സമയം ദീർഘിപ്പിച്ച് നൽകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും. തദ്ദേശ സ്ഥാപനങ്ങളുടെ **2025-26** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക **(AFS)** ഓഡിറ്റിന് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **31.08.2026** വരെ ദീർഘിപ്പിച്ച് ഉത്തരവാകുകയും ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിത റ്റി.ആർ
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ , കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്

നഗരസഭ / പഞ്ചായത്ത് സെക്രട്ടറിമാർ (തദ്ദേശ സ്വയം ഭരണ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ **(E&RSA/G&SSA)** കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

തദ്ദേശ സ്വയംഭരണ **(AA/AB)** വകുപ്പ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വകുപ്പിൻ്റെ ഔദ്യോഗിക വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി **(LSGD-EG1/148/2026/LSGD)**

ഉത്തരവിൻ പ്രകാരം

Digitally signed by
Bindu Chandran R
Date: 06-08-2026
17:29:00

സെക്ഷൻ ഓഫീസർ

**പകർപ്പ്:**

ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എയ്ക്ക്

തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി. എയ്ക്ക്

തദ്ദേശ സ്വയം ഭരണ(ഇ ജി) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്